(ബി) ഇതിനായി എന്ത് തുക ചെലവിടാനാണുദ്ദേശിക്കുന്നത്;

(സി) ഈ തുക മുഴുവൻ കോർപ്പറേഷന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൽ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഗിരിവർഗ്ഗ ക്ഷേമത്തിനായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. ബെനിഫിഷ്യറി ഓറിയന്റ്ഡ് പദ്ധതി
2. വിദ്യാഭ്യാസ വായ്പാ പദ്ധതി
3. വിദേശ തൊഴിൽ വായ്പാ പദ്ധതി
4. വിവാഹ വായ്പാ പദ്ധതി
5. പെട്രോൾ ഓട്ടോറിക്ഷാ വായ്പാ പദ്ധതികൾ
6. സ്മോൾ എന്റർപ്രൈസസ് വായ്പാ പദ്ധതികൾ
7. ത്രീ വിലർ പിക്ക്-അപ് വാൻ വായ്പാ പദ്ധതി
8. ആദിവാസി മഹിളാ ശാക്തികരൺ യോജന
9. സഹായി ബനിഫിഷ്യറി ഓറിയന്റ്ഡ് പദ്ധതി
10. സഫായി പെട്രോൾ ഓട്ടോറിക്ഷ പദ്ധതി

(ബി) 81.64 ലക്ഷം രൂപ.

(സി) സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് ഈ വർഷവും മുൻ വർഷങ്ങളിലുമായി 20.13 ലക്ഷം രൂപയും ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 77000 രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) 1,28,382 രൂപ.

ആദിവാസി പുനരധിവാസ പദ്ധതി

86 [186] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം ചിന്നക്കനാൽ പഞ്ചായത്തിൽ എത്ര കുടുംബങ്ങളെയാണ് അധിവസിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ലഭിച്ച ഭൂമിയിൽ താമസിച്ച് കൃഷിയിറക്കുന്നതിനും ജീവസന്ധാരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ പ്രസ്തുത പ്രദേശത്ത് എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കുടുംബങ്ങളെ അധിവസിപ്പിച്ചപ്പോൾ സർക്കാർ പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) റോഡ്, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നിവ ഇല്ലാത്തതും കാട്ടുമൃഗങ്ങളുടെ ഉപദ്രവം ഉള്ളതുമായ ഈ പ്രദേശത്ത് നിന്ന് പല കുടുംബങ്ങളും പ്രസ്തുത ഭൂമി ഉപേക്ഷിച്ച് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 708 ആദിവാസി കുടുംബങ്ങളെയാണ് ചിന്നക്കനാലിൽ അധിവസിപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയിൽ താമസിച്ച് കൃഷിയിറക്കുന്നതിനും ജീവസന്ധാരണം നടത്തുന്നതിനുമായി 4,23,03,700 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ വീട് നിർമ്മാണം, കുടിവെള്ളം, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, കന്നുകാലി വിതരണം തുടങ്ങിയവ ഉൾപ്പെടുന്നു.

(സി), (ഡി) & (ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി

87 [188] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലേയും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേയും പിന്നോക്ക സമുദായ പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷൻ എന്നാണ് സർക്കാരിന് റിപ്പോർട്ട് നൽകിയത്;

(ബി) പ്രാതിനിധ്യത്തിൽ കുറവുണ്ടെന്ന് കണ്ടെത്തിയ പിന്നോക്ക സമുദായക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ കുറവ് നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച നടപടികളിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് നൽകിയത്.

(ബി) & (സി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly